## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 5801 – 19/11/2019ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി

**ചോദ്യം** **ഉത്തരം**

**ശ്രീ.ജോർജ് എം. തോമസ്**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം അർഹരായ അപേക്ഷകർക്ക് രണ്ടാം ഗഡു അനുവദിക്കാത്ത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയിൽ വിദ്യാഭ്യാസ വായ്പകളെ രണ്ട് വിഭാഗങ്ങളായി തരം തിരിച്ചാണ് ആനുകൂല്യം വിതരണം ചെയ്യുന്നത്.<br><br>1. 01.04.2012 മുതൽ 31.03.2016 വരെ തിരിച്ചടവ് വരുന്ന നിഷ്ക്രിയ ആസ്തിയാകാത്ത വിദ്യാഭ്യാസ വായ്പാ (Non NPA/ Standard Account) യെടുത്തവർക്ക് 2016-17 മുതൽ 2019-20 വരെയുള്ള കാലയളവിലെ തിരിച്ചടവിന് സർക്കാർ സഹായം നൽകുന്നു.<br>2. 31.03.2016-നോ അതിനു മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31.03.2016 -ന് നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്ത വിദ്യാഭ്യാസ വായ്പകൾ തീർപ്പാക്കുന്നതിന് /പുനഃക്രമീകരിക്കുന്നതിന് ഒറ്റത്തവണയായി ധനസഹായം നൽകുന്നു.<br><br>എസ്.എൽ.ബി.സിയുടെ ശുപാർശയോടെ സർക്കാരിന് സമർപ്പിച്ച 19901 അപേക്ഷകളിൽ 6 ഘട്ടങ്ങളിലായി ഇതുവരെ 195.57 കോടിരൂപയുടെ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയിലുൾപ്പെട്ട സ്റ്റാൻഡേർഡ് അക്കൗണ്ടുകളിൽ 2016-17, 2017-18 വർഷങ്ങളിലേയ്ക്കുള്ള ക്ലെയിമുകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം മാത്രമാണ് ELRS പോർട്ടലിൽ ആദ്യ ഘട്ടത്തിൽ ഒരുക്കിയിരുന്നത്. 2018-19 വർഷത്തെ ആനുകൂല്യത്തിന് അർഹരായവർക്ക് ക്ലെയിമുകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം ELRS പോർട്ടലിൽ 2019 മാർച്ചിൽ ലഭ്യമാക്കിയിട്ടുണ്ട്. ടി ക്ലെയിമുകൾ ബാങ്കുകൾ പരിശോധിക്കുന്നതിനായി 2019 മെയ് മാസത്തിൽ പോർട്ടലിൽ ആവശ്യമായ സജ്ജീകരണങ്ങളും ക്രമീകരിച്ചിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | |

| | | |
|---|---|---|
| | | 14.11.2019 വരെ 2018-19 വർഷത്തെ സ്റ്റാൻഡേർഡ് വിഭാഗത്തിലെ 261 ക്ലെയിമുകൾ ബാങ്കുകൾ എസ്.എൽ.ബി.സി മുഖേന സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് സർക്കാർ വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ